# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## മെയ്മാസത്തിൽ പാപ്പാ നമ്മിൽ നിന്നും ആഗ്രഹിക്കുന്ന കാര്യങ്ങൾ



മെയ്മാസത്തിൽ നിസ്സംഗതയുടെ സംസ്കാരം ഉപേക്ഷിക്കാൻ ഫ്രാൻസിസ് പാപ്പാ വിശ്വാസികളെ ആഹ്വാനംചെയ്തു. അയൽക്കാരുടെ സഹനങ്ങളിൽ പങ്കുകൊള്ളുവാനും രോഗികൾക്കും പാവപ്പെട്ടവർക്കും ഒപ്പം ചെലവഴിക്കുവാനും പാപ്പാ നമ്മോട് ആവശ്യ പ്പെടുന്നു.

'നമുക്ക് നല്ല ആരോഗ്യമുള്ളപ്പോൾ നാം മറ്റുള്ളവരുടെ കാര്യങ്ങൾ മറന്നു പോകും. മറ്റുള്ളവരുടെ പ്രശ്നങ്ങളും കഷ്ടപ്പാടുകളും അവർ നേരിടുന്ന അനീതികളും കാണാതെ പോകും. നമ്മുടെ ഹൃദയങ്ങൾ തണുത്തുപോകും.' പാപ്പാ എഴുതി ഈ നിസ്സംഗതയുടെ മനോഭാവം ഇന്നു ലോകത്തെ ഗ്രസിച്ചിരിക്കുന്ന വലിയ തിന്മയാണെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

പാവപ്പെട്ടവർ ഒരു ഭാരമല്ല, നമ്മുടെ സമ്പത്താണെന്ന് പാപ്പാ അഭിപ്രായപ്പെട്ടു. സമൂഹവും സഭയും ദരിദ്രരുടെ കാര്യത്തിൽ കൂടുതൽ കരുതൽ കാണിക്കണമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. പാവപ്പെട്ടവരുടെ മുന്നിൽ ക്രിസ്ത്യാനികൾ മുട്ടിൽ നിൽക്ക ണമെന്നാണ് പാപ്പാ പറഞ്ഞത്. സാധാരണ പാവപ്പെട്ടവരെയും രോഗികളെയും കാണുമ്പോൾ നാം അസ്വസ്ഥരാകും. നമ്മുടെ സമ്പത്തിന്റെയും ആരോഗ്യത്തിന്റെയും അസ്ഥിരത ഓർമ്മിക്കുന്നതുകൊണ്ടാണത്. എന്നാൽ ദരിദ്രരിൽനിന്ന് നാം പഠിക്കേണ്ട ഏറെ കാര്യങ്ങളുണ്ട്. തങ്ങൾക്കുള്ള തീരെ കുറച്ചു സമ്പാദ്യംപോലും പങ്കുവയ്ക്കാൻ അവർ തയ്യാറാകുന്നു. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നു. മറ്റുള്ളവരെ ആശ്രയി ക്കുന്നതിൽ മടി കാണിക്കുന്നില്ല.

ഈ മെയ്മാസത്തിൽ ഇത്തരം ചിന്തകൾ നമ്മുടെ ധ്യാനവിഷയങ്ങളാകട്ടെ!